**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3101** **14-02-2024 - ൽ മറുപടിയ്ക്ക്**

**കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക്) ഏതൊരാവശ്യത്തിനും പുതിയ കുഴൽ കിണർ കുഴിക്കുന്നതിനു സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ കേരള കെട്ടിട നിർമാണ ചട്ടം അനുസരിച്ച കുഴൽകിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പെർമിറ്റ് ലഭ്യമാക്കി മാത്രമേ കുഴൽ കിണർ നിർമ്മാണം അനുവദിക്കുകയുള്ളൂ. |
| (ബി) | ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഭൂജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് ഭൂജല വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. അമിത ഭൂജല ചൂഷണമുള്ള മേഖലകളെ സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശുപാർശയിന്മേൽ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഇത്തരം ബ്ലോക്കുകളിൽ ഏതു തരം ഭൂജല വികസനത്തിനും സംസ്ഥാന ഭൂജല അതോറിറ്റിയുടെ പെർമിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകൾ, കാസറഗോഡ് ജില്ലയിലെ കാസറഗോഡ് ബ്ലോക്ക് എന്നിവയാണ് സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള ബ്ലോക്കുകൾ. കേരള കെട്ടിട നിർമാണ ചട്ടം അനുസരിച്ച കുഴൽകിണർ നിർമ്മാണത്തിന് ഭൂജല വകുപ്പിന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ പെർമിറ്റ് സംസ്ഥാനത്തു നിയമവിധേയമാക്കിയിട്ടുണ്ട്. |
| (സി) | കുഴൽക്കിണർ കുഴിക്കുന്ന യന്ത്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; | (സി) | 27.06.2014 തീയതിയിലെ G.O.(Ms)No.59/ 2014/WRD ഉത്തരവ് പ്രകാരം 2014-ൽ തന്നെ കുഴൽകിണർ നിർമ്മാണ റിഗ്ഗുകളുടെ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | നടപടികൾ തുടങ്ങിയിരുന്നു. 24.01.2023 തീയതിയിലെ G.O.(Ms)No.4/2023/WRD ഉത്തരവ് പ്രകാരം വീണ്ടും റിഗ് രജിസ്ട്രേഷൻ നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ റിഗ് രജിസ്ട്രേഷൻ നടപടികൾ തുടർന്ന് വരികയാണ്. |
| (ഡി) | അനധികൃതമായി കുഴൽ കിണർ നിർമ്മാണം നടത്തുന്നവരെ നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | അനധികൃത കുഴൽ കിണർ നിർമ്മാണം തടയുന്നതിനുള്ള നിയമനിർമ്മാണത്തിനായി വകുപ്പുതല സാങ്കേതിക കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കുന്ന ചട്ടങ്ങൾ ഭൂജല അതോറിറ്റിയുടെയും സർക്കാരിന്റെയും അനുമതി ലഭ്യമായ ശേഷം അനധികൃത കുഴൽ കിണർ നിർമ്മാണം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ